ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 05.09.2025**

1. സ്ത്രീകൾ നയിക്കുന്ന വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗം പെൺകുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2. ഗൃഹാതുര സ്മരണകളുമായി തിരുവോണമാഘോഷിച്ച് മലയാളികൾ.

3. വിവിധ പരിപാടികളുമായി നാടെങ്ങും നബിദിനം ആഘോഷിച്ചു.

4. ശ്രീനാരായണഗുരുവിന്റെ 171–ാമത് ജയന്തി ആഘോഷം മറ്റന്നാൾ; വർക്കലയിലും ചെമ്പഴന്തിയിലും ജയന്തി സമ്മേളനങ്ങൾ ഗവർണറും മുഖ്യമന്ത്രിയും ഉദ്ഘാടനം ചെയ്യും.

5. കേരള ക്രിക്കറ്റ് ലീഗിൽ ഏരീസ് കൊല്ലം സെയ്ലേഴ്സ് ഫൈനലിൽ; കൊച്ചി ബ്ലൂ ടൈഗേഴ്സ്-കാലിക്കറ്റ് ഗ്ലോബ് സ്റ്റാഴ്സ് രണ്ടാം സെമിഫൈനൽ അൽപസമയത്തിനകം.

6. യു എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ആദ്യ സെമിയിൽ ഇന്ന് ജോക്കോവിച്ച്-അൽകാരസ് പോരാട്ടം.

## രാഷ്ട്രപതി - അധ്യാപകദിനം (ഇൻട്രോ)

പെൺകുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതാണ്, വനിതകളുടെ നേതൃത്വത്തിലുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഇക്കൊല്ലത്തെ ദേശീയ അധ്യാപക പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. പെൺമക്കളുടെ വിദ്യാഭ്യാസത്തിൽ നടത്തുന്ന നിക്ഷേപം കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും വികസനത്തിനായി നൽകുന്ന അമൂല്യമായ സംഭാവനയാണെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.

(ഹോൾഡ് വോയിസ്)

ഉന്നത വിദ്യാഭ്യാസത്തിൽ പെൺകുട്ടികളുടെ മൊത്തം പ്രവേശന അനുപാതം സമീപ വർഷങ്ങളിൽ ഗണ്യമായി വർദ്ധിച്ചതിൽ രാഷ്ട്രപതി സന്തുഷ്ടി പ്രകടിപ്പിച്ചു.

RNUTVPM

*************************

## അദ്ധ്യാപകദിനം - പ്രധാനമന്ത്രി

ശക്തവും തിളക്കമാർന്നതുമായ ഭാവിയുടെ അടിത്തറ സൃഷ്ടിക്കുന്നതിനായി യുവജനങ്ങളെ പരിപോഷിപ്പിക്കുന്നതിൽ അധ്യാപകരുടെ സമർപ്പണം ശ്രദ്ധേയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുൻ രാഷ്ട്രപതിയും അധ്യാപകനുമായ ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനത്തിൽ അദ്ദേഹത്തിന്റെ ജീവിതത്തെയും ചിന്തകളെയും ശ്രീ മോദി അനുസ്മരിച്ചു.

*************************

## രാഷ്ട്രപതി - പ്രകൃതിദുരന്തം

രാജ്യത്തുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നവരെ പ്രകീർത്തിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തരാഖണ്ഡ്, പഞ്ചാബ്, ജമ്മു കശ്മീർ, അസം തുടങ്ങി രാജ്യത്തിന്റെ വിവിധ മേഖലകളിൽ ഈ കാലവർഷത്ത് വലിയ നാശനഷ്ടം ഉണ്ടായതായി രാഷ്ട്രപതി വിലയിരുത്തി. ദുരന്തങ്ങൾക്ക് ഇരയായവരുടെ ദുഃഖത്തിൽ രാജ്യം പങ്കുചേരുന്നതായും രാഷ്ട്രപതി വ്യക്തമാക്കി.

*************************

## തിരുവോണം

തിരക്കുകൾ മാറ്റിവച്ച് തിരുവോണസദ്യയുണ്ട് മനം നിറച്ച് മലയാളികൾ. ഇത്തവണ അത്തം തുടങ്ങി 11 നാൾ നീണ്ട ആഘോഷത്തിന് സംതൃപ്തിയേകി തിരുവോണ നാളിൽ പ്രിയപ്പെട്ടവർക്കൊപ്പം കേരളീയർ ഓണമുണ്ടു. ഓണനാളിലും ജോലിത്തിരക്കിന്റെ ഭാഗമായ മാധ്യമപ്രവർത്തകരും പൊലീസുകാരുമുൾപ്പെടെ, തിരക്കിനിടെ തൊഴിലിടങ്ങളിൽ ഓണമുണ്ടു.

RNUTVPM

*************************

## ശബരിമല - തിരുവോണസദ്യ

സന്നിധാനത്ത് തിരുവോണദിനത്തിൽ നടന്ന സദ്യയിൽ ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കാളികളായി. തന്ത്രി കണ്ഠരര് മഹേഷ് മോഹനര്, മേൽശാന്തി അരുൺകുമാർ നമ്പൂതിരി എന്നിവർ ചേർന്നു നിലവിളക്ക് കൊളുത്തിയതോടെയാണ് ഓണസദ്യക്ക് തുടക്കമായത്. ദേവസ്വം ജീവനക്കാരുടെ വകയായിരുന്നു തിരുവോണ നാളിലെ ഓണസദ്യ. സന്നിധാനത്തെ പോലീസ് ഉദ്യോഗസ്ഥരുടെ വകയായി അവിട്ടം നാളിലും ഓണസദ്യയുണ്ടാകും.

*************************

## ഓണം ഡ്രോൺ ഷോ (ഇൻട്രോ)

ഓണാഘോഷത്തിന്റെ മാറ്റ് കൂട്ടി വർണാഭമായ ഡ്രോൺ പ്രദർശനം ഇന്ന് തിരുവനന്തപുരത്ത്. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ രാത്രി 8.45 മുതൽ 9.15 വരെയാണു പ്രദർശനം.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്...**

(വോയിസ്)

*************************

## പ്രവാസികൾ - ഓണം

മലയാളികൾ കൂടുതലുള്ള UAE-യിലും ഗൾഫ് മേഖലയിലും വിപുലമായ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിദേശത്തു വസിക്കുന്ന കേരളീയരെ സംബന്ധിച്ച് സാംസ്കാരിക ഒരുമയുടെ പ്രതീകം കൂടിയാണ് ഓണം.

RNU TVPM

*************************

## പാലക്കാട് - ഓണത്തല്ല് (ഇൻട്രോ)

പോർവിളിയുടെ വീരസ്മരണകൾ ഉണർത്തി ആഘോഷങ്ങളുടെ അകമ്പടിയോടെ പാലക്കാട് പല്ലശ്ശനയിൽ ഓണത്തല്ല് അരങ്ങേറി. അപൂർവവും രസകരവുമായ ഈ ആചാരത്തിനു സാക്ഷിയാകാൻ നൂറുകണക്കിനുപേരാണ് പല്ലശ്ശനയിൽ എത്തുന്നത്.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*************************

## ശ്രീനാരായണഗുരു ജയന്തി

ശ്രീനാരായണഗുരുവിന്റെ 171–ാമത് ജയന്തി ആഘോഷങ്ങൾ മറ്റന്നാൾ നടക്കും. വർക്കല ശിവഗിരിയിൽ രാവിലെ പത്തിന് ജയന്തിസമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം ചെമ്പഴന്തി ഗുരുകുലത്തിൽ ജയന്തിസമ്മേളനം വൈകിട്ട് 6.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

*************************

## നബിദിനം - രാഷ്ട്രപതി പ്രധാനമന്ത്രി

RIUTVPM

പ്രവാചകൻ മുഹമ്മദ് നബിയുടെ ജന്മദിനമായ മിലാദുൻ നബി ആഘോഷിക്കുന്ന, എല്ലാവർക്കും രാഷ്ട്രപതി ദ്രൗപദി മുർമു ആശംസകൾ നേർന്നു. ഈ പുണ്യദിനം നമ്മുടെ സമൂഹത്തിൽ സമാധാനവും ക്ഷേമവും കൊണ്ടുവരട്ടെ എന്നും, കാരുണ്യം, സേവനം, നീതി എന്നിവയുടെ മൂല്യങ്ങൾ നമ്മെ നയിക്കട്ടെ എന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസിച്ചു.

*************************

## നബിദിന റാലി കോഴിക്കോട്

കോഴിക്കോട് ടൗൺ ഏരിയ സുന്നി കോ ഓർഡിനേഷൻ കമ്മിറ്റി സംഘടിപ്പിച്ച നബിദിന റാലി എം കെ രാഘവൻ എംപി ഉദ്ഘാടനം ചെയ്തു. കേരള ഹജ്ജ് കമ്മിറ്റി ചെയർമാൻ ഹുസൈൻ സഖാഫി ചുള്ളിക്കോട് മുഖ്യപ്രഭാഷണം നടത്തി. അഹമ്മദ് ദേവർകോവിൽ എം എൽ എ ആശംസകൾ

അർപ്പിച്ചു. വിദ്യാർത്ഥികളുടെ ദഫ് ഉൾപ്പെടെ വിവിധ കലാപ്രകടനങ്ങൾ റാലിയെ വർണ്ണാഭമാക്കി.

*************************

## ആലപ്പുഴ - പായിപ്പാട് ജലോത്സവം (ഇൻട്രോ)

ആലപ്പുഴയിലെ പ്രസിദ്ധമായ പായിപ്പാട് ജലോത്സവത്തിൽ ഇന്ന് കുട്ടികളുടെ വള്ളം കളി നടന്നു. ഞായറാഴ്ചയാണ് മത്സര വള്ളം കളി. ഇതോടനുബന്ധിച്ച പൊതുസമ്മേളനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉൽഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ...**

**(വോയിസ്)**

*************************

RNU TVPM

## കെസിഎൽ

കേരള ക്രിക്കറ്റ് ലീഗിലെ ഏരീസ് കൊല്ലം സെയ്‌ലേഴ്സ് ഫൈനലിൽ. ആദ്യ സെമിയിൽ തൃശ്ശൂർ ടൈറ്റൻസിനെതിരെ 10 വിക്കറ്റിനാണ് ഏരീസ് കൊല്ലത്തിന്റെ ജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത തൃശ്ശൂരിന്, 18-ാം ഓവറിൽ 86 റൺ നേടുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. മറുപടി ബാറ്റിംഗിനിറങ്ങിയ കൊല്ലം പത്താം ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ ലക്ഷ്യത്തിലെത്തി. അൽപസമയത്തിനകം ആരംഭിക്കുന്ന രണ്ടാം സെമിയിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സിനെ നേരിടും. മറ്റന്നാളാണ് ഫൈനൽ.

*************************

## യു എസ് ഓപ്പൺ

യുഎസ് ഓപ്പൺ ടെന്നിസ് പുരുഷസിംഗിൾസ് സെമി ഫൈനലിൽ ഇന്ന് അർധരാത്രി നൊവാക് ജോക്കോവിച്ചും കാർലോസ് അൽകാരസും ഏറ്റുമുട്ടും. യാനിക് സിന്നറും ഫെലിക്സ് ഓഗറും തമ്മിലാണ് രണ്ടാം സെമി. വനിതാസിംഗിൾസ് ഫൈനലിൽ മറ്റന്നാൾ ഒന്നാം നമ്പർ താരം അരീന സബലേങ്കയും അമാൻഡ അനിസിമോവയും ഏറ്റുമുട്ടും.

*************************

## ചെസ്സ്

ഉസ്ബെക്കിസ്ഥാനിൽ നടക്കുന്ന FIDE ഗ്രാൻഡ് സ്വിസ് ചെസ്സ് ടൂർണമെന്റിൽ ഇന്ത്യയുടെ താരങ്ങൾക്ക് മികച്ച തുടക്കം. ലോകചാമ്പ്യൻ ഡി ഗുകേഷ് ആദ്യ റൗണ്ടിൽ ഫ്രഞ്ച് താരത്തിനെതിരെ ജയം നേടി. ഗ്രാൻഡ്മാസ്റ്റർ ആർ പ്രഗ്നാനന്ദയും, അമേരിക്കൻ താരവുമായുള്ള മത്സരം സമനിലയിൽ അവസാനിച്ചു. ആകെ 11 റൗണ്ടുകളാണ് ടൂർണമെന്റിലുള്ളത്.

RNU TVPM

*************************

## അമ്പെയ്ത്ത്

അമ്പെയ്ത്ത് പഠിക്കാൻ സുവർണ്ണാവസരം ഒരുക്കിയിരിക്കുകയാണ് ഇത്തവണത്തെ ഓണം വരാഘോഷം. കോഴിക്കോട് പേരാമ്പ്രയിലെ ആക്കുപ്പറമ്പ് അമ്പെയ്ത്തുകളത്തിന്റെ നേതൃത്വത്തിൽ കനകക്കുന്നിലെ പ്രധാന കവാടത്തിന് സമീപമാണ് പരിശീലനം ഒരുക്കിയിരിക്കുന്നത്. പ്രായ ലിംഗ ഭേദമെന്യേ ആർക്കും വൈകിട്ട് നാല് മുതൽ പത്തുവരെ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനം

നേടിയവരെ ഉൾപ്പെടുത്തി മേളയുടെ അവസാനദിവസം മത്സരവും സംഘടിപ്പിക്കും.

*************************

## മിൽമ - സർവകാല റെക്കോർഡ്

ഓണക്കാലത്ത് പാൽ, തൈര്, മറ്റ് പാലുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയിൽ സർവകാല റെക്കോർഡുമായി മിൽമ. ഉത്രാടം ദിനത്തിൽ മാത്രം 38 ലക്ഷത്തിലധികം ലിറ്റർ പാലും 3 ലക്ഷത്തി 97,600 കിലോ തൈരുമാണ് മിൽമ ഔട്ട്‌ലെറ്റുകൾ വഴി വിറ്റഴിച്ചത്. തിരുവോണത്തിന് മുമ്പുള്ള ആറ് ദിവസങ്ങളിലായി 1 കോടി 19 ലക്ഷത്തി 58,000-ത്തിലധികം ലിറ്റർ പാലും 14 ലക്ഷത്തി 58,000-ത്തിലധികം കിലോ തൈരും വിറ്റഴിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അഞ്ച് ശതമാനം വളർച്ചയാണ് ഇത്തവണ ഉണ്ടായത്.

RNU TVPM

*************************

## വന്ദേഭാരത്

ആലപ്പുഴവഴിയുള്ള മംഗളുരു - തിരുവനന്തപുരം വന്ദേഭാരത് ട്രെയിൻ കോച്ചുകളുടെ എണ്ണം 20 ആക്കി വർധിപ്പിച്ചശേഷമുള്ള സർവ്വീസ് ഈ മാസം ഒൻപതിന് ആരംഭിക്കും. സീറ്റുകളുടെ എണ്ണം 1016 - ൽ നിന്നും 1,336 ആകും. 4 ചെയർ കാറുകളാണ് അധികമായി ചേർത്തത്.

*************************

## മൂന്നാർ കാട്ടാന

മൂന്നാർ മാട്ടുപ്പെട്ടിയിലെ ജനവാസമേഖലയിൽ കാട്ടാനയിറങ്ങി. ഒറ്റക്കൊമ്പനെന്ന് വിളിപ്പേരുള്ള കാട്ടുകൊമ്പനാണ് ജനവാസമേഖലയിൽ ഇറങ്ങിയത്. പ്രദേശത്ത് നിലയുറപ്പിച്ച

കാട്ടാനയെ പ്രദേശവാസികൾ ചേർന്ന് തുരത്തി. മൂന്നാർ തോട്ടം മേഖലയിൽ കാട്ടാന ശല്യം രൂക്ഷമാണെന്നും ആശങ്കയുണ്ടെന്നും തൊഴിലാളി കുടുബങ്ങൾ പറഞ്ഞു.

*************************

**കോഴിക്കോട് - ഒഴുക്കിൽപ്പെട്ടു**

കോഴിക്കോട് മാനിപുരം പുഴയിൽ കുട്ടി ഒഴുക്കിൽപ്പെട്ടു. കുട്ടിക്കായി ഫയർഫോഴ്സും നാട്ടുകാരും തെരച്ചിൽ നടത്തുകയാണ്.

*************************

**ജിഎസ്ടി - പിയൂഷ് ഗോയൽ**

GST പരിഷ്കാരങ്ങൾ ചരിത്രപരവും സമഗ്രവുമെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

*

***********

**************************************

RNUTVPM